# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 7023 13.07.2012-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗക്കാരുടെ വായ്പ

| ചോദ്യം<br>ശ്രീ. വി. ശശി: | | ഉത്തരം<br>ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന്റെ ഭാഗമായി എന്തു തുക വീതമുള്ള വായ്പകളാണ് എഴുതി തള്ളിയതെന്ന് വ്യക്തമാക്കുമോ; | എ | സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ/ പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളുടെ പലിശയും പിഴപ്പലിശയുമുൾപ്പെടെ 25,000/- രൂപ വരെയുള്ളത് എഴുതിത്തള്ളുന്നതിനും അതിനുമുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയുമൊഴിവാക്കി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും 12/11/2009 ലെ സ.ഉ.(അച്ചടി) നമ്പർ: 100/2009/പജപവവിവ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ഉത്തരവിന്റെ കാലാവധി 30.06.2012 വരെ ദീർഘിപ്പിച്ച് നൽകുകയും കൂടാതെ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കേരള സംസ്ഥാന |

| | | | |
|---|---|---|---|
| | | | പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നിവയിൽ മേൽ പദ്ധതിയുടെ കാലാവധി 31.12.2012 വരെ ദീർഘിപ്പിച്ചു ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നിവയിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എടുത്തിട്ടുള്ള വായ്പകളിൽ കുടിശ്ശിക ആയിട്ടുള്ളതും 01.04.2006 മുതൽ 31.03.2011 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞിട്ടുള്ളതുമായ വായ്പകളുടെ പിഴപ്പലിശ പൂർണ്ണമായും പലിശ 50% ശതമാനവും ഇളവ് ചെയ്ത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി ഉത്തരവായിട്ടുണ്ട്. |
| ബി | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര പേരുടെ എന്തുതുക പലിശയും പിഴപ്പലിശയും സഹിതം എഴുതിത്തള്ളിയെന്ന് വെളിപ്പെടുത്തുമോ ? | ബി | ശേഖരിച്ച് നൽകുന്നതാണ്. |

Sabu KJ

**സെക്ഷൻ ഓഫീസർ**